പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3268 | 3.04.2013 ൽ മറുപടിയ്ക്ക് |
|---|---|
| **ലൈംഗിക പീഡനത്തിന് ഇരയാകുന്നവർക്ക് സഹായപദ്ധതി** | |
| ചോദ്യം | ഉത്തരം |
| ശ്രീ. സി. കെ. സദാശിവൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) ലൈംഗിക പീഡനത്തിന് ഇരയാകുന്നവർക്ക് സഹായം നൽകുന്ന എന്തെങ്കിലും പദ്ധതികൾ നിലവിൽ ഉണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ എന്തൊക്കെ സഹായങ്ങൾ ആണ് നൽകുന്നത് ; | (ബി) നിർഭയ പദ്ധതിയുടെ ഭാഗമായി പീഡനത്തിനിരയാകുന്നവർക്ക് മാനസികമായ തയ്യാറെടുപ്പിന് കൗൺസിലിംഗ്, വൈദ്യ, നിയമ സഹായങ്ങൾ, വിദ്യാഭ്യാസ, തൊഴിൽ പരിശീലനങ്ങൾ, സുരക്ഷിത താവളത്തിന് നിർഭയ ഷെൽട്ടർ ഹോം തുടങ്ങിയവ നൽകി വരുന്നു. മേൽ പറഞ്ഞ സഹായങ്ങൾ എല്ലാം ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിന് One stop crisis cell ആരംഭിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. |
| (സി) കഴിഞ്ഞ സാമ്പത്തിക വർഷം പീഡനത്തിന് ഇരയായ എത്ര പേർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്;<br><br>(ഡി) ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ? | (സി) & (ഡി) കഴിഞ്ഞ സാമ്പത്തിക വർഷം പീഡനത്തിന് ഇരയായ 16 പേർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 10<br>കൊല്ലം - 1<br>ആലപ്പുഴ - 1<br>കോട്ടയം - 1<br>കോഴിക്കോട് - 2<br>കണ്ണൂർ - 1 |

സെക്ഷൻ ഓഫീസർ